**മധുരമായ കുട്ടികളേ – ഏതുപോലെയാണോ നിങ്ങൾ ആത്മാക്കൾക്ക് ഈ ശരീരമാകുന്ന സിംഹാസനം ലഭിച്ചിട്ടുള്ളത്, അതുപോലെ ബാബയും ഈ ദാദയുടെ ശരീരത്തിൽ വിരാജിതനാണ്, ബാബയ്ക്ക് തന്റേതായ സിംഹാസനം ഇല്ല.**

**ചോദ്യം:–** ഈശ്വരീയ സന്താനമാണ് എന്ന സ്മൃതിയുള്ള കുട്ടികളുടെ അടയാളങ്ങൾ എന്തായിരിക്കും?
**ഉത്തരം:–** അവരുടെ സത്യമായ സ്നേഹം ഒരേയൊരു ബാബയോടായിരിക്കും. ഈശ്വരീയ സന്താനങ്ങൾ ഒരിക്കലും കലഹിക്കുകയോ പോരടിക്കുകയോ ചെയ്യില്ല. അവർക്ക് ഒരിക്കലും കുദൃഷ്ടി ഉണ്ടാവില്ല. ബ്രഹ്മാകുമാർ–കുമാരി അർത്ഥം സഹോദരീ സഹോദരനായി മാറി എങ്കിൽ മോശമായ ദൃഷ്ടി ഒരിക്കലും ഉണ്ടാകുകയില്ല.

**ഗീതം:–** ആകാശ സിംഹാസനം ഉപേക്ഷിച്ചാലും...

**ഓം ശാന്തി.** കുട്ടികൾക്കറിയാം ശിവബാബ ആകാശ സിംഹാസനം ഉപേക്ഷിച്ച് ഇപ്പോൾ ദാദയുടെ ശരീരത്തെ തന്റെ സിംഹാസനമാക്കിയിരിക്കുകയാണ്. മുകളിലെ ആ സിംഹാസനം ഉപേക്ഷിച്ച് ഇപ്പോൾ വന്നിരിക്കുകയാണ്. ഈ ആകാശതത്വം ജീവാത്മാക്കളുടെ സിംഹാസനമാണ്. ആത്മാക്കളുടെ സിംഹാസനമാണ് ബ്രഹ്മതത്വം. അവിടെ നിങ്ങൾ ആത്മാക്കൾ ശരീരമില്ലാതെ സ്ഥിതിചെയ്യുന്നു. എങ്ങിനെയാണോ ആകാശത്തിൽ നക്ഷത്രങ്ങൾ നിൽക്കുന്നത് അതുപോലെ നിങ്ങൾ ആത്മാക്കളും വളരെ ചെറിയ രൂപത്തിൽ ബ്രഹ്മതത്വത്തിൽ സ്ഥിതി ചെയ്യുന്നു. ആത്മാക്കളെ ദിവ്യദൃഷ്ടി കൂടാതെ ഒരിക്കലും കാണാൻ കഴിയില്ല. നിങ്ങൾ കുട്ടികൾക്ക് ഈ ജ്ഞാനമുണ്ട്. എങ്ങനെയാണോ നക്ഷത്രങ്ങൾ വളരെ ചെറുതായി കാണപ്പെടുന്നത് അതുപോലെ ആത്മാക്കളും ബിന്ദുസ്വരൂപമാണ്. ഇപ്പോൾ ബാബ സിംഹാസനം ഉപേക്ഷിച്ച് വന്നിരിക്കുകയാണ്. ബാബ പറയുന്നു നിങ്ങൾ ആത്മാക്കളും തന്റെ സിംഹാസനത്തെ ഉപേക്ഷിച്ച് ഇവിടെ ഈ ശരീരത്തെ തന്റെ സിംഹാസനമാക്കി മാറ്റിയിരിക്കുകയാണ്. എനിക്കും തീർച്ചയായും ശരീരം ആവശ്യമാണ്. എന്നെ ഈ പഴയലോകത്തേക്കാണ് വിളിക്കുന്നത്. ഒരു ഗീതമുണ്ടല്ലോ– ദൂരദേശത്തിൽ വസിക്കുന്ന ഭഗവാനേ... നിങ്ങൾ ആത്മാക്കൾ വന്നിരിക്കുന്ന സ്ഥാനം നിങ്ങൾ ആത്മാക്കളുടെയും പരമാത്മാവിന്റെയും വാസസ്ഥാനമാണ്. പിന്നീട് നിങ്ങൾ സ്വർഗ്ഗത്തിലേക്ക് പോകുന്നു. അതാണ് ബാബ സ്ഥാപിച്ചുകൊണ്ടിരിക്കുന്നത്. സ്വയം ഭഗവാൻ ആ സ്വർഗ്ഗത്തിലേക്ക് വരുന്നില്ല. സ്വയം വാണിക്കും ഉപരി വാനപ്രസ്ഥ അവസ്ഥയിലേക്ക് പോകുന്നു. സ്വർഗ്ഗത്തിൽ ബാബയുടെ ആവശ്യമില്ല. ബാബ സുഖ ദുഃഖത്തിൽ നിന്നും വേറിട്ടതല്ലേ. നിങ്ങൾ സുഖത്തിലേക്കും ദുഃഖത്തിലേക്കും വരുന്നുണ്ട്.

ഇപ്പോൾ നിങ്ങൾക്കറിയാം നമ്മൾ ബ്രഹ്മാകുമാർ–കുമാരിമാർ സഹോദരീ–സഹോദരന്മാരാണ്. പരസ്പരം കുദൃഷ്ടിയുടെ സങ്കൽപ്പം പോലും വരരുത്. ഇവിടെ നിങ്ങൾ ബാബയുടെ സന്മുഖത്താണ് ഇരിക്കുന്നത്, പരസ്പരം സഹോദരീ–സഹോദരന്മാരാണ്. പവിത്രമായിരിക്കാനുള്ള യുക്തി എങ്ങനെയാണ് രചിച്ചിരിക്കുന്നതെന്ന് നോക്കൂ. ഈ കാര്യങ്ങളൊന്നും ശാസ്ത്രങ്ങളിലില്ല. എല്ലാവരുടെയും പിതാവ് ഒരാളാണ്. അപ്പോൾ എല്ലാവരും ആ അച്ഛന്റെ മക്കളായില്ലേ. കുട്ടികൾ പരസ്പരം കലഹിക്കാൻ പാടില്ല. ഈ സമയത്ത് നമ്മൾ ഈശ്വരീയ സന്താനങ്ങളാണെന്നറിയാം. ആദ്യം ആസുരീയ സന്താനങ്ങളായിരുന്നു. ഇപ്പോൾ ഈ സംഗമത്തിൽ ഈശ്വരീയ സന്താനങ്ങൾ ആയിരിക്കുകയാണ്. പിന്നീട് സത്യയുഗത്തിൽ ദൈവീകസന്താനങ്ങളാകും. ഈ ചക്രത്തെക്കുറിച്ച് നിങ്ങൾ കുട്ടികൾക്ക് മാത്രമേ അറിയൂ. നിങ്ങൾ ബ്രഹ്മാകുമാർ കുമാരിമാരാണ്. അതുകൊണ്ട് ഒരിക്കലും നിങ്ങളിൽ കുദൃഷ്ടി ഉണ്ടാവരുത്. സത്യയുഗത്തിൽ കുദൃഷ്ടി ഉണ്ടാവില്ല. കുദൃഷ്ടി ഉണ്ടാകുന്നത് രാവണ രാജ്യത്തിലാണ്. നിങ്ങൾ കുട്ടികൾക്ക് ഒരേയൊരു ബാബയുടെ ഓർമ്മയല്ലാതെ മറ്റാരുടെയും ഓർമ്മ വരരുത്. ഏറ്റവും കൂടുതൽ സ്നേഹം ഒരേയൊരു ബാബയോടായിരിക്കണം. എന്റേത് ഓരേയൊരു ബാബ രണ്ടാമതായി ആരുമില്ല. ബാബ പറയുന്നു – കുട്ടികളേ, ഇപ്പോൾ നിങ്ങൾക്ക് ശിവാലയത്തിലേക്ക് പോകണം. ശിവബാബ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ്. അരക്കൽപ്പമായി രാവണരാജ്യമാണ്. ഇതിലൂടെ നിങ്ങൾ ദുർഗതി പ്രാപിച്ചു. രാവണൻ എന്താണ്, എന്തിനാണ് കത്തിക്കുന്നത് ഇതൊന്നും ആർക്കും അറിയില്ല. ശിവബാബയെപ്പോലും അറിയുന്നില്ല. എങ്ങനെയണോ ദേവിമാരെ അലങ്കരിച്ച്, പൂജിച്ച് പിന്നീട് അതിനെ വെള്ളത്തിൽ മുക്കുന്നത്, ശിവബാബയുടേയും മണ്ണിന്റെ പ്രതീകമുണ്ടാക്കി അതിന്റെ പൂജിച്ച് മണ്ണോട് തന്നെ ചേർക്കുന്നു. അതുപോലെ രാവണന്റെയും കോലമുണ്ടാക്കി പിന്നീട് കത്തിക്കുന്നു. ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. ഇപ്പോൾ രാവണന്റെ രാജ്യമാണ്, രാമരാജ്യം സ്ഥാപിക്കണം എന്നെല്ലാം പറയുന്നുണ്ട്. ഗാന്ധിജിയും രാമരാജ്യം ആഗ്രഹിച്ചിരുന്നു. അതിനർത്ഥം ഇത് രാവണരാജ്യം ആണെന്നല്ലേ. ഏത് കുട്ടികളാണോ ഈ രാവണരാജ്യത്തിൽ കാമചിതയിലിരുന്ന് എരിഞ്ഞുകൊണ്ടിരിക്കുന്നത് ബാബ വന്ന് അവരുടെ മേൽ

ജ്ഞാനമഴ പെയ്യിക്കുന്നു. എല്ലാവരുടെയും മംഗളം ചെയ്യുന്നു. എങ്ങിനെയാണോ ഉണങ്ങിവരണ്ട ഭൂമിയിൽ മഴ പെയ്യുന്നതിലൂടെ പുല്ലുകൾ മുളയ്ക്കുന്നത്, നിങ്ങളിലും ജ്ഞാനമഴ പെയ്യാതെ എത്ര പതിതരായി മാറിയിരിക്കുന്നു. ഇപ്പോൾ വീണ്ടും ജ്ഞാനമഴ പെയ്യുന്നതിലൂടെ നിങ്ങൾ വിശ്വത്തിന്റെ അധികാരിയായിത്തീരുന്നു. നിങ്ങൾ ഗൃഹസ്ഥ വ്യവഹാരത്തിലാണ് ഇരിക്കുന്നത്. എങ്കിലും ഉള്ളിൽ വളരെയധികം സന്തോഷം ഉണ്ടായിരിക്കണം. സാധാരണക്കാരുടെ കുട്ടികൾ എങ്ങനെയണോ പഠിച്ച് വക്കീലായിത്തീരുന്നത് അതുപോലെയാണ് ഇവിടെയും. വലിയ-വലിയ വീട്ടിലുള്ള കുട്ടികളോടോപ്പം ഇരിക്കുന്നു, കഴിക്കുന്നു, കുടിക്കുന്നു. കാട്ടാളസ്ത്രീയുടെ ഒരു കഥയും ശാസ്ത്രത്തിലുണ്ടല്ലോ.

നിങ്ങൾ കുട്ടികൾക്ക് അറിയാം ആരാണോ ഏറ്റവും കൂടുതൽ ഭക്തി ചെയ്തത് അവരാണ് ഏറ്റവും കൂടുതൽ ജ്ഞാനമെടുക്കുന്നത്. നമ്മളാണ് ആദ്യം മുതൽ ഭക്തി ചെയ്തവർ, പിന്നീട് നമ്മളെത്തന്നെയാണ് ശിവബാബ ഏറ്റവും ആദ്യം സ്വർഗ്ഗത്തിലേക്ക് അയക്കുന്നത്. ഇത് ജ്ഞാനയുക്തമായ യഥാർത്ഥ കാര്യമാണ്. നമ്മൾ തന്നെയാണ് പൂജ്യർ, നമ്മൾ തന്നെയാണ് പൂജാരിയായും മാറുന്നത്. പിന്നീട് താഴേക്ക് ഇറങ്ങിവന്നു. കുട്ടികൾക്ക് മുഴുവൻ ജ്ഞാനവും മനസ്സിലാക്കിത്തരുന്നു. ഈ സമയം മുഴുവൻ ലോകരും നാസ്തികരാണ്, ബാബയെ അറിയുന്നില്ല. ഇതുമല്ല-ഇതുമല്ല എന്നു പറയുന്നു. ഇനി മുന്നോട്ടു പോകവേ ഈ സന്യാസിമാരെല്ലാം വന്ന് ബാബയിൽ നിന്നും സമ്പത്തെടുത്ത് ആസ്തികരായിത്തീരും. ഏതെങ്കിലും ഒരു സന്യാസി വരികയാണെങ്കിൽ എല്ലാവരും പെട്ടെന്ന് വിശ്വസിക്കില്ലല്ലോ. അപ്പോൾ പറയും ഇവരുടെ മേൽ ബ്രഹ്മാകുമാരിമാർ എന്തോ ജാലവിദ്യ കാണിച്ചു. അദ്ദേഹത്തിന്റെ ശിഷ്യനെ സിംഹാസനത്തിലിരുത്തി അദ്ദേഹത്തെ മാറ്റും. ഇതുപോലെ ധാരാളം സന്യാസിമാർ നിങ്ങളുടെ അടുത്തേക്ക് വരുന്നു പിന്നീട് അപ്രത്യക്ഷവുമാകുന്നു. ഇത് വളരെ വലിയ അത്ഭുതകരമായ നാടകമാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ആദി മുതൽ അന്ത്യം വരെയുള്ള സർവ്വതും അറിയാം. നിങ്ങളിലും നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ചാണ് ധാരണ ചെയ്യുന്നത്. ബാബയുടെ പക്കൽ മുഴുവൻ ജ്ഞാനവും ഉണ്ട്, നിങ്ങളിലും അതുണ്ടായിരിക്കണം. ഓരോ ദിവസം കൂടുന്തോറും എത്ര സെന്ററുകളാണ് തുറന്നുകൊണ്ടിരിക്കുന്നത്. കുട്ടികൾ വളരെ ദയാമനസ്കരായിരിക്കണം. ബാബ പറയുന്നു ആദ്യം തന്റെ മേൽ ദയ കാണിക്കൂ. അകൃപ കാണിക്കരുത്. തന്റെ മേൽ ദയ കാണിക്കണം. എങ്ങനെ? അതും ബാബ മനസ്സിലാക്കിത്തരുന്നു. ബാബയെ ഓർമ്മിച്ച് പതിതത്തിൽ നിന്നും പാവനമായിത്തീരണം. പിന്നീട് ഒരിക്കലും പതിതമാകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യരുത്. ദൃഷ്ടി വളരെ നല്ലതായിരിക്കണം. നമ്മൾ ബ്രാഹ്മണർ ഈശ്വരീയ സന്താനങ്ങളാണ്. ഈശ്വരനാണ് നമ്മെ ദത്തെടുത്തിരിക്കുന്നത്. ഇപ്പോൾ മനുഷ്യനിൽ നിന്നും ദേവതയായി മാറണം. ആദ്യം സുക്ഷ്മവതനവാസി ഫരിസ്തയായി മാറണം. ഇപ്പോൾ നിങ്ങൾ ഫരിസ്തയായി മാറിക്കൊണ്ടിരിക്കുകയാണ്. സൂക്ഷ്മവതനത്തിന്റെയും രഹസ്യം നിങ്ങൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട്. ഇവിടെ ശബ്ദലോകമാണ്, സൂക്ഷ്മ വതനത്തിൽ ചലനമാണ്. മൂലവതനത്തിൽ ശാന്തിയാണ്. സൂക്ഷ്മവതനം ഫരിസ്തകളുടെ ലോകമാണ്. എങ്ങനെയാണോ പ്രേതത്തിന് നിഴലിന്റെ ശരീരം ഉള്ളത്. ആത്മാവിന് ശരീരം ലഭിക്കുന്നില്ല എങ്കിൽ അലഞ്ഞുകൊണ്ടിരിക്കും, അതിനെയാണ് പ്രേതം എന്നു പറയുന്നത്. അതിനെ ഈ കണ്ണുകളിലൂടെയും കാണാൻ സാധിക്കും. ഇവിടെ സൂക്ഷ്മ വതനവാസി ഫരിസ്തകളാണ്. ഈ കാര്യങ്ങളെല്ലാം വളരെയധികം മനസ്സിലാക്കാനുള്ളതാണ്. നിങ്ങൾക്കിപ്പോൾ സ്ഥൂലവതനം, സൂക്ഷ്മവതനം, എന്നിവയുടെ ജ്ഞാനമുണ്ട്. നടക്കുമ്പോഴും കറങ്ങുമ്പോഴും ബുദ്ധിയിൽ മുഴുവൻ ജ്ഞാനവും ഉണ്ടായിരിക്കണം. നിങ്ങൾ യഥാർത്ഥത്തിൽ മൂലവതനത്തിൽ വസിക്കുന്നവരാണ്. നമ്മൾ അവിടേക്ക് സുക്ഷ്മവതനം വഴി പോകുന്നു. ബാബ സൂക്ഷ്മവതനം ഈ സമയത്താണ് രചിക്കുന്നത്. ആദ്യം സൂക്ഷ്മം പിന്നീട് സ്ഥൂലം. ഇപ്പോൾ ഇത് സംഗമയുഗമാണ്. ഇതിനെ ഈശ്വരീയ യുഗമെന്നും പറയുന്നു. സത്യയുഗത്തെ ദൈവീകയുഗമെന്നു പറയുന്നു. നിങ്ങൾ കുട്ടികൾക്ക് എത്ര സന്തോഷം ഉണ്ടായിരിക്കണം. കുദൃഷ്ടി ഉണ്ടാകുന്നു എങ്കിൽ ഉയർന്ന പദവി നേടാൻ സാധിക്കില്ല. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണ-ബ്രാഹ്മണികളാണ്. പിന്നീട് വീട്ടിലെത്തിക്കഴിഞ്ഞാൽ ഈ കാര്യം മറക്കരുത്. നിങ്ങൾ സംഗദോഷത്തിലേക്ക് വന്ന് മറന്നു പോകുന്നു. നിങ്ങൾ ഹംസങ്ങൾ ഈശ്വരീയ സന്താനങ്ങളാണ്. നിങ്ങൾക്ക് ആരോടും ആന്തരികമായി മമത്വം വയ്ക്കാൻ പാടില്ല. അഥവാ മമത്വമുണ്ടെങ്കിൽ മോഹത്തിന്റെ കുരങ്ങെന്ന് വിളിക്കും.

നിങ്ങളുടെ ജോലി തന്നെ എല്ലാവരെയും പാവനമാക്കി മാറ്റുക എന്നതാണ്. നിങ്ങൾ വിശ്വത്തെ സ്വർഗ്ഗമാക്കി മാറ്റുന്നവരാണ്. ആസുരീയ സന്താനങ്ങളും നിങ്ങൾ ഈശ്വരീയ സന്താനങ്ങളും തമ്മിൽ എത്ര വ്യത്യാസമാണുള്ളത്. നിങ്ങൾ കുട്ടികൾക്ക് തന്റെ അവസ്ഥയെ ഏകരസമാക്കി മാറ്റുന്നതിനു വേണ്ടി എല്ലാം കണ്ടുകൊണ്ടും കാണാതിരിക്കാനുള്ള അഭ്യാസം ചെയ്യണം. ഇതിൽ ബുദ്ധിയെ ഏകരസമാക്കി വയ്ക്കുക എന്നുള്ളത് ധൈര്യത്തിന്റെ കാര്യമാണ്. സമ്പൂർണ്ണമാകുന്നതിൽ പ്രയത്നമുണ്ട്. സമ്പൂർണ്ണമാകുന്നതിൽ സമയം ആവശ്യമാണ്. കർമ്മാതീത അവസ്ഥ ആകുന്നതു വരെ എന്തെങ്കിലും ആകർഷിച്ചു കൊണ്ടിരിക്കും. ഇതിൽ തീർത്തും ഉപരാമമായിരിക്കണം. ബുദ്ധിയുടെ ലൈൻ

വ്യക്തമായിരിക്കണം. കണ്ടിട്ടും നിങ്ങൾ കാണാതിരിക്കണം, ഈ അഭ്യാസമുള്ളവർക്കേ ഉയർന്ന പദവി നേടാൻ സാധിക്കൂ. ഇപ്പോൾ ആ അവസ്ഥ ഉണ്ടായിട്ടില്ല. സന്യാസിമാർ ഈ കാര്യങ്ങളൊന്നും മനസ്സിലാക്കുക പോലുമില്ല. ഇവിടെ വലിയ പ്രയത്നം തോന്നും. നിങ്ങൾക്കറിയാം നമ്മളും ഈ പഴയ ലോകത്തെ സന്യസിച്ചിരിക്കുകയാണ്. നമുക്കിപ്പോൾ തിരികെ വീട്ടിലേക്ക് പോകണം അത്രമാത്രം. നിങ്ങളുടെ ബുദ്ധിയിലുള്ളത്ര കാര്യങ്ങൾ മറ്റാരുടെയും ബുദ്ധിയിൽ ഇല്ല. നിങ്ങൾക്കറിയാം ഇപ്പോൾ തിരികെ പോകണമെന്ന്. ഇത് ശിവഭഗവാന്റെ വാക്കുകളാണ്. ബാബ പതിതപാവനനും, മുക്തേശ്വരനും വഴികാട്ടിയുമാണ്. കൃഷ്ണനെ വഴികാട്ടി എന്ന് പറയില്ല. ഈ സമയം നിങ്ങളും എല്ലാവർക്കും വഴി കാണിച്ചുകൊടുക്കാൻ പഠിക്കുന്നു, അതുകൊണ്ടാണ് നിങ്ങളുടെ പേര് പാണ്ഡവർ എന്ന് വെച്ചിരിക്കുന്നത്. നിങ്ങൾ പാണ്ഡവ സൈന്യമാണ്. ഇപ്പോൾ നിങ്ങൾ ദേഹീ അഭിമാനികളായി മാറുന്നു. തിരികെ പോകണമെന്ന് അറിയാം, ഈ പഴയ ശരീരം ഉപേക്ഷികണം. സർപ്പത്തിന്റെ ഉദാഹരണം, ഭ്രമരിവണ്ടിന്റെ ഉദാഹരണം എല്ലാം ഈ സമയം നിങ്ങൾക്കുള്ളതാണ്. നിങ്ങളിപ്പോൾ ഈ ഉദാഹരണം പ്രാവർത്തികത്തിലേക്ക് കൊണ്ടുവരുന്നു. മറ്റുള്ളവർക്ക് ഈ കർത്തവ്യം ചെയ്യാൻ കഴിയില്ല. ഇത് ശ്മശാനമാണെന്ന് നിങ്ങൾക്കറിയാം, ഇപ്പോൾ ഇത് വീണ്ടും സ്വർഗ്ഗമായി മാറണം.

നിങ്ങളുടെ എല്ലാ ദിവസവും ഭാഗ്യത്തിന്റെ നാളുകളാണ്. നിങ്ങൾ കുട്ടികൾ സദാ ഭാഗ്യശാലികളാണ്. വ്യാഴാഴ്ച ദിവസം കുട്ടികളെ സ്കൂളിൽ ചേർത്താറുണ്ട്. ഈ രീതിയും ഇവിടെ നിന്നാണ് ആരംഭിച്ചത്. വൃക്ഷപതിയാണ് നിങ്ങളെ ഇപ്പോൾ പഠിപ്പിക്കുന്നത്. ജന്മജന്മാന്തരം നിങ്ങൾക്ക് ബൃഹസ്പതിയുടെ ദശയാണ് ഉണ്ടാവുക. ഇത് പരിധിയില്ലാത്ത ദശയാണ്. ഭക്തിമാർഗ്ഗത്തിൽ പരിധിയുള്ള ദശകളാണ് ഉണ്ടാകുന്നത്, ഇപ്പോൾ പരിധിയില്ലാത്ത ദശയാണ്. അതുകൊണ്ട് നിങ്ങൾക്ക് പൂർണ്ണരീതിയിൽ പ്രയത്നിക്കണം. ലക്ഷ്മീ നാരായണന്മാർ മാത്രമായിരിക്കില്ലല്ലോ ഉണ്ടായിരിക്കുന്നത്. അവരുടെ മുഴുവൻ രാജധാനിയും ഉണ്ടാവും. തീർച്ചയായും ഒരുപാട് ലക്ഷ്മീ-നാരായണന്മാർ രാജ്യം ഭരിച്ചിട്ടുണ്ടാവും. സൂര്യവംശീ കുലത്തിലാണ് ലക്ഷ്മീനാരായണന്മാരുടെ രാജ്യഭരണമുണ്ടാകുന്നത്. ഈ കാര്യങ്ങൾ ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ ഉണ്ട്. എങ്ങനെയാണവിടെ രാജതിലകം നൽകുന്നത് എന്നതിന്റെ സാക്ഷാത്കാരവും ലഭിച്ചിട്ടുണ്ട്. സൂര്യവംശികൾ എങ്ങനെ ചന്ദ്രവംശത്തിലുള്ളവർക്ക് രാജ്യം കൈമാറുന്നു. മാതാപിതാക്കൾ കുട്ടികളുടെ കാൽ കഴുകി രാജതിലകം നൽകുന്നു, രാജ്യഭാഗ്യം നൽകുന്നു. ഈ സാക്ഷാത്കാരങ്ങൾ എല്ലാം തന്നെ ഡ്രാമയിൽ അടങ്ങിയിട്ടുണ്ട്, ഇതിൽ നിങ്ങൾ കുട്ടികൾക്ക് സംശയിക്കേണ്ട ആവശ്യമില്ല. നിങ്ങൾ ബാബയെ ഓർമ്മിക്കൂ, സ്വദർശന ചക്രധാരിയായി മാറൂ, മറ്റുള്ളവരെയും ആക്കി മാറ്റൂ. നിങ്ങൾ ബ്രഹ്മാമുഖവംശാവലി സ്വദർശന ചക്രധാരി സത്യമായ ബ്രാഹ്മണരാണ്, ശാസ്ത്രത്തിൽ സ്വദർശനചക്രത്തിലൂടെ എത്ര ഹിംസകൾ ചെയ്തതായാണ് കാണിക്കുന്നത്. ഇപ്പോൾ ബാബ നിങ്ങൾ കുട്ടികൾക്ക് സത്യമായ ഗീത കേൾപ്പിക്കുന്നു. ഇതിനെ നിങ്ങൾ നല്ല രീതിയിൽ മനസ്സിലാക്കണം. എത്ര സഹജമാണ്. നിങ്ങളുടെ മുഴുവൻ കണക്ഷനും ഗീതയുമായാണ്. ഗീതയിൽ ജ്ഞാനവുമുണ്ട് യോഗവുമുണ്ട്. നിങ്ങൾക്കും ഗീതയുടെ ഒരേയൊരു പുസ്തകം മാത്രമേ ഉണ്ടാക്കേണ്ട ആവശ്യമുള്ളൂ. യോഗത്തിന്റെ പുസ്തകം വേറെ ഉണ്ടാക്കേണ്ട ആവശ്യമെന്താണ്. ഇന്നത്തെ കാലത്ത് യോഗത്തിന് വളരെയധികം പ്രസിദ്ധിയാണ്. അതുകൊണ്ട് മനുഷ്യർക്ക് മനസ്സിലാകുന്നതിനായാണ് പേര് വയ്ക്കുന്നത്. യോഗം ഒരേയൊരു ബാബയുമായാണ് വെയ്ക്കേണ്ടതെന്ന് അവസാനം അവരും മനസ്സിലാക്കും. ആരെല്ലാമാണോ കേട്ടത് അവർ പിന്നീട് തന്റെ ധർമ്മത്തിൽ വന്ന് ഉയർന്ന പദവി നേടുന്നു. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരികെക്കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും-പിതാവായ ബാപദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) സ്വയം അവനവന്റെ മേൽ കൃപ കാണിക്കണം, തന്റെ ദൃഷ്ടി വളരെ നല്ലതും പവിത്രവുമാക്കി വെയ്ക്കണം. ഈശ്വരൻ മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റുന്നതിനു വേണ്ടി ദത്തെടുത്തിരിക്കുകയാണ്. അതുകൊണ്ട് പതിതമാകുന്നതിന്റെ സങ്കൽപ്പം പോലും വരരുത്.

2) സമ്പൂർണ്ണ കർമ്മാതീത അവസ്ഥ പ്രാപിക്കുന്നതിനു വേണ്ടി സദാ ഉപരാമമായിരിക്കാൻ അഭ്യസിക്കണം. ഈ ലോകത്തിലെ എല്ലാം കണ്ടുകൊണ്ടും കാണാതിരിക്കണം. ഈ അഭ്യാസത്തിലൂടെ അവസ്ഥയെ ഏകരസമാക്കി മാറ്റണം.

**വരദാനം:- ഓരോ ചുവടിലും കോടികളുടെ വരുമാനം സമ്പാദിക്കുന്ന സർവ്വ ഖജനാവുകളാലും സമ്പന്നരായ തൃപ്താത്മാവായി ഭവിക്കട്ടെ.**

ഏത് കുട്ടികളാണോ ബാബയുടെ ഓർമ്മയിലിരുന്ന് ഓരോ ചുവടും വെക്കുന്നത് അവർ ചുവട്-ചുവടുകളിൽ കോടികളുടെ വരുമാനം സമ്പാദിക്കുന്നു. ഈ സംഗമത്തിൽ തന്നെയാണ് കോടികളുടെ വരുമാനത്തിന്റെ ഖനി ലഭിക്കുന്നത്. സംഗമയുഗം സമ്പാദിക്കാനുള്ള യുഗമാണ്. ഇപ്പോൾ എത്ര സമ്പാദിക്കാൻ ആഗ്രഹിക്കുന്നുവോ അത്രയും സമ്പാദിക്കാൻ സാധിക്കും. ഒരു ചുവട് അതായത് ഒരു സെക്കന്റ് പോലും സമ്പാദ്യമില്ലാതെയാകരുത് അതായത് വ്യർത്ഥമാകരുത്. സദാ ഭണ്ഡാര നിറഞ്ഞിരിക്കണം. അപ്രാപ്തമായിട്ട് ഒരു വസ്തു പോലുമില്ല....അങ്ങനെയുള്ള സംസ്കാരമായിരിക്കണം. ഇപ്പോൾ അങ്ങനെയുള്ള തൃപ്തരും സമ്പന്നരുമായ ആത്മാവാകുകയാണെങ്കിൽ ഭാവിയിൽ അളവറ്റ ഖജനാവുകളുടെ അധികാരിയായി മാറും.

**സ്ലോഗൻ:- ഏതൊരു പ്രശ്നത്തിലും അസ്വസ്ഥമാകുന്നതിന് പകരം നോളേജ്ഫുള്ളാകുന്ന സീറ്റിൽ സെറ്റായിരിക്കൂ.**

## മാതേശ്വരിജിയുടെ അമൂല്യമഹാവാക്യങ്ങൾ

**അര കല്പം ജ്ഞാനബ്രഹ്മാവിന്റെ പകലും അര കല്പം ഭക്തിമാർഗ്ഗ ബ്രഹ്മാവിന്റെ രാത്രിയും.**

അര കല്പം ബ്രഹ്മാവിന്റെ പകലും അര കല്പം ബ്രഹ്മാവിന്റെ രാത്രിയുമാണ്, ഇപ്പോൾ രാത്രി പൂർത്തിയായി പകൽ വരികയാണ്. ഇപ്പോൾ പരമാത്മാവ് വന്ന് അന്ധകാരത്തിനെ അവസാനിപ്പിച്ച് പ്രകാശത്തിന്റെ തുടക്കം കുറിക്കുകയാണ്. ജ്ഞാനത്തിലൂടെ പ്രകാശവും ഭക്തിയിലൂടെ അന്ധകാരവുമാണ്. ഗീതത്തിലും പറയുന്നുണ്ട്, ഈ പാപത്തിന്റെ ലോകത്ത് നിന്നും ദൂരെ എവിടേക്കെങ്കിലും കൊണ്ടുപോകൂ എവിടെയാണോ സുഖവും ശാന്തിയും ലഭിക്കുക... ഇതാണ് ദു:ഖത്തിന്റെ ലോകം, ഒട്ടും സുഖമില്ലാത്ത ലോകം. മുക്തിയിൽ സുഖവുമില്ല, ദു:ഖവുമില്ല. സത്യ-ത്രേതായുഗം സുഖത്തിന്റെ ലോകമാണ്, ആ സുഖധാമത്തെയാണ് എല്ലാവരും ഓർമ്മിക്കുന്നത്. അതിനാൽ ഇപ്പോൾ നിങ്ങൾ സുഖത്തിന്റെ ലോകത്തിലേക്ക് പോയ്ക്കൊണ്ടിരിക്കുകയാണ്, അവിടേക്ക് ഏതൊരു അപവിത്ര ആത്മാവിനും പോകാൻ സാദ്ധ്യമല്ല, അവർ അന്തിമത്തിൽ ധർമ്മരാജന്റെ ശിക്ഷകൾക്ക് വിധേയരായി കർമ്മ-ബന്ധന മുക്തമായി ശുദ്ധസംസ്കാരം കൊണ്ടുപോകുന്നു എന്തുകൊണ്ടെന്നാൽ അവിടെ അശുദ്ധ സംസ്കാരവുമില്ല, പാപവുമില്ല. ആത്മാവ് എപ്പോൾ തന്റെ യഥാർത്ഥ പിതാവിനെ മറന്നുപോകുന്നുവോ അപ്പോൾ ഈ ഭൂൽ-ഭുലൈയ്യായുടെ അനാദിയായ കളി തോൽവിയുടെയും ജയത്തിന്റേതുമായി ഉണ്ടാക്കിയി യിട്ടുള്ളതാണ്. അതിനാൽ നമ്മൾ ഈ സർവ്വശക്തിവാനായ പരമാത്മാവ് മുഖേന ശക്തിയെടുത്ത് വികാരങ്ങൾക്ക് മേൽ വിജയം പ്രാപിച്ച് 21 ജന്മത്തേക്ക് രാജ്യഭാഗ്യം എടുത്തുകൊണ്ടിരിക്കുകയാണ്. ഓം ശാന്തി.